കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 0.2606 ഹെക്ടർ സ്ഥലം ഉടുമ്പൻ ചോല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് - ആശുപത്രി ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ വിട്ടു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 2999/13/തസ്വഭവ തീയതി, തിരുവനന്തപുരം, 05.12.2013

===========================================================================

പരാമർശം:
1. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2012 ലെ സി-969/12 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 31.10.2013 ലെ 5020/ജെ.ആർ.വൈ.2/13/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ഉടുമ്പൻചോല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തിൽ നിന്നും 0.2606 ഹെക്ടർ സ്ഥലം വിട്ടുനൽകണമെന്ന് പരാമർശം(1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് സ്ഥലം വിട്ടുനൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തിൽ നിന്നും 0.2606 ഹെക്ടർ സ്ഥലം. ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട്, ഉടുമ്പൻചോല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് 0.2606 ഹെക്ടർ സ്ഥലം വിട്ടു കൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് നെടുങ്കണ്ടം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ